Sectt. 37. 3/462/2015/1 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- കൂത്തുപറമ്പ് മുനിസിപ്പാലിറ്റി -കൂത്തുപറമ്പ് വില്ലേജിലെ റീ സർവ്വേ നമ്പർ 106/ 1A ൽ ഉൾപ്പെട്ട അനധികൃത നിർമ്മാണം- കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത ക്രമവൽക്കരണം) ചട്ടം,2014— കോമ്പൗണ്ടിംഗ് ഫീസ് പുതുക്കി നിശ്ചയിച്ച്-- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ആർബി) വകുപ്പ്

സ.ഉ (സാധാ) നമ്പർ 1879/16/തസ്വഭവ  തീയതി  തിരുവനന്തപുരം 08.06.2016

---

പരാമർശം:- 1) 26.3.15.- ലെ ജി ഒ(പി)108/2015/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
2) 25.2.16-ലെ ജി ഒ(ആർ റ്റി) നമ്പർ 829/16/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
3) മുഖ്യ നഗരാസൂത്രകന്റെ 30.3 16 -ലെ D1/2786/16 നമ്പർ കത്ത്.

ഉത്തരവ്

പരാമർശം (2)-ലെ ഉത്തരവ് പ്രകാരം 92601/- രൂപ തൊണ്ണൂറ്റി രണ്ടായിരത്തി അറുനൂറ്റി ഒന്ന് രൂപ) കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കി കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് മുനിസിപ്പാലിറ്റിയിൽ കൂത്തുപറമ്പ് വില്ലേജിലെ റീ സർവ്വേ നമ്പർ 106/ 1A ൽ ഉൾപ്പെട്ട സ്ഥലത്തെ റസിഡൻഷ്യൽ അപ്പാർട്ട്മെന്റ് കെട്ടിടം ക്രമവൽക്കരിച്ച് നൽകുവാൻ കൂത്തുപറമ്പ് മുനിസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പരാമർശം (1) ലെ ഉത്തരവ് പ്രകാരം പരാമർശ കെട്ടിടം ക്രമവൽക്കരിക്കുന്നതിനുള്ള കോമ്പൗണ്ടിംഗ് ഫീസ് 31878/-(മുപ്പത്തി ഒന്നായിരത്തി എണ്ണൂറ്റി എഴുപത്തി എട്ട് രൂപ) യാണെന്ന് പരാമർശം (3) പ്രകാരം മുഖ്യ നഗരാസൂത്രകൻ സർക്കാരിൽ പരിഷ്കരിച്ച റിപ്പോർട്ട് നൽകുകയുണ്ടായി. മേൽ സാഹചര്യത്തിൽ കൂത്തുപറമ്പ് വില്ലേജിലെ റീ സ നമ്പർ 106/1A ൽ ഉൾപ്പെട്ട സ്ഥലത്തെ റസിഡൻഷ്യൽ അപ്പാർട്ട്മെന്റ് നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള കോമ്പൗണ്ടിംഗ് ഫീസ് 92601/- രൂപ (തൊണ്ണൂറ്റി രണ്ടായിരത്തി അറുനൂറ്റി ഒന്ന് രൂപ)യിൽ നിന്നും 31878/-(മുപ്പത്തി ഒന്നായിരത്തി എണ്ണൂറ്റി എഴുപത്തി എട്ട്) രൂപയായി പുതുക്കി നിശ്ചയിച്ച് ഉത്തരവാകുന്നു.

3. മേൽ പരാമർശിച്ച പുതുക്കി നിശ്ചയിച്ച തുക ഈ ഉത്തരവിന്റെ തീയതി മുതൽ 30 ദിവസത്തിനകം സർക്കാർ ട്രഷറിയിൽ ഒടുക്കി അസ്സൽ ചെലാൻ കൂത്തുപറമ്പ് മുനിസിപ്പൽ സെക്രട്ടറി മുമ്പാകെ ഹാജരാക്കേണ്ടതും കേരള മുനിസിപ്പാലിറ്റി കെട്ടിട

(അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം, 2014 ൽ അനുശാസിക്കുന്ന പ്രകാരം നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് ആവശ്യമായ നടപടികൾ കുളുപ്പറമ്പ് മുനിസിപ്പൽ സെക്രട്ടറി സ്വീകരിക്കേണ്ടതുമാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ബിനുകുമാർ. വി
അണ്ടർ സെക്രട്ടി

ശ്രീമതി. ചെറിയകത്ത് സഫിയ,ഫസീല മൻസിൽ
ഓൾഡ് റോഡ് ,കുളുപ്പറമ്പ് പിൻ 670 643
സെക്രട്ടറി , കുളുപ്പറമ്പ് മുനിസിപ്പാലിറ്റി, കണ്ണൂർ.
ചീഫ് ടൗൺ പ്ളാനർ, തിരുവനന്തപുരം.
ചീഫ് ടൗൺ പ്ളാനർ(വിജിലൻസ്).
ജില്ലാ ടൗൺ പ്ളാനർ, കണ്ണൂർ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ